പഞ്ചായത്തുകളുടെ കാലാവധി

235 [287] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ബി) ഇനിയും പഞ്ചായത്തുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ?

ഉത്തരം

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ കാലാവധി 1976 ഡിസംബർ 31-ാം തീയതിയാണ് അവസാനിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതുകൊണ്ട്.

കൊഴിഞ്ഞാമ്പാറ വാട്ടർ സപ്ലൈ സ്കീം

236 [288] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊഴിഞ്ഞാമ്പാറ വാട്ടർ സപ്ലൈ സ്കീം കൊഴിഞ്ഞാമ്പാറയുടെ ആവശ്യം പൂർത്തിയാക്കാൻ കഴിയാത്ത ഒരു സ്കീമായതുകൊണ്ട് അത് വിപുലീകരിക്കാൻ വല്ലതെങ്കിലും പരിപാടി ഗവൺമെന്റിനുണ്ടോ ;

(ബി) കൊല്ലൻപൊറ എന്ന സ്ഥലത്തുനിന്നും പുഴയുമായിബന്ധിച്ച് വെള്ളം എടുക്കാൻ ഒരു സ്കീം തയ്യാറാക്കിയിരുന്നതായി കേട്ടിരുന്നെങ്കിലും ഇപ്പോൾ കേൾവിപോലും ഇല്ലാതിരിക്കുന്ന സ്കീമിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൊഴിഞ്ഞാമ്പാറ ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കുന്ന കാര്യം പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലുണ്ട്. ഇതിലേക്ക് വേണ്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കികൊണ്ടിരിക്കുകയാണ്.

(ബി) കൊഴിഞ്ഞാമ്പാറ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി ഒരു എസ്റ്റിമേറ്റ് നേരത്തെ തയ്യാറാക്കി. എന്നാൽ ഈ പദ്ധതിയിൽനിന്നും ആവശ്യത്തിനുള്ള ജലം ലഭിക്കുമോ എന്നു സംശയം ഉണ്ടായതിനാൽ കൊഴിഞ്ഞാമ്പാറയും അതിനടുത്ത പ്രദേശങ്ങളായ എരുത്താമ്പതി, നെല്ലിപ്പുള്ളി, വണ്ണാമട എന്നീ സ്ഥലങ്ങളും ഉൾക്കൊള്ളിച്ച് ചിറ്റൂർ പുഴയിൽ നിന്നും ജലമെടുത്ത് വിതരണം ചെയ്യുന്നതിനുള്ള ഒരു സംയുക്തപദ്ധതി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംയുക്ത പദ്ധതി പ്രയോജനകരവും താരതമ്യേന ചെലവ് കുറഞ്ഞിരിക്കുമെന്നുമുള്ളതിനാൽ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെന്റ് അതിനെക്കുറിച്ചുള്ള വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly